# രാധാകൃഷ്ണ എ.യു.പി സ്കൂൾ ,മാണിയൂർ

**തളിപ്പറമ്പ് സൗത്ത് സബ് ജില്ല**

**പി ഒ ചെക്കിക്കുളം കണ്ണൂർ ജില്ല**




# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

കേരളഗവർമെന്റിന്റെ സ്കൂൾ വികസനപദ്ധതിയുടെയും കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനും വേണ്ടിയുള്ള പദ്ധതിയുടെ ഭാഗമായാണ് ഇങ്ങനെയൊരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിലേക്ക് ഞങ്ങളെ നയിച്ചത്.

ഭൗതികാന്തരീക്ഷവും അക്കാദമിക നിലവാരവും ഉയർത്തിയാൽ മാത്രമേ നമ്മുടെ കുട്ടികളെ മികച്ച പൗരൻമാരാക്കി മാറ്റാൻ സാധിക്കുകയുള്ളു .

നമ്മുടെ വിദ്യാലയത്തിന്റെ ഇന്നത്തെ സ്ഥിതിയും ഇനി എന്തൊക്കെ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ് എന്നുള്ളതിന്റെയും ഒരു രൂപ രേഖയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് നമ്മുടെ വിദ്യാലയത്തിന് ചില പരിമിതികൾ ഉണ്ടെങ്കിലും നാട്ടുകാരുടെയും PTA യുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ ലഭിക്കുന്നതിനാൽ ഇന്നത്തെ നിലയിൽ എത്തിച്ചേരാൻ സാധിച്ചതിൽ ഞങ്ങൾ കൃതാർത്ഥരാണ്.

ഈ വിദ്യാലയം അക്കാദമിക മികവിന്റെ കേന്ദ്രമായി മാറുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് സന്തോഷപൂർവ്വം ഈരൂപരേഖ നിങ്ങളുടെ മുൻപാകെ സമർപ്പിക്കുന്നു

| SCHOOL DETAILS | |
|---|---|
| Name of the school | RADHA KRISHNA A U P SCHOOL MANIYOOR |
| Established in | 1940 |
| Academic session classes from....... To ........................... | I to VII |
| Postal Address | Chekkikulam, P O Chekkikulam, Kannur - 670592 |
| District | Kannur |
| Sub District | Taliparamba South |
| Village | Maniyoor |
| Gramapanchayath | Kuttiyattoor |
| Block | Irikkoor |
| Taluk | Taliparamba |
| BRC | Taliparamba South |
| CRC | Kuttiyattoor |
| Head Master | Sajina P V |
| Phone Number | 9496829964- |
| Email | rkups205@gmail.com |

# വിദ്യാലയ ചരിത്രം

1940 ൽ കൊട്ടുങ്ങൽ കുണ്ടിലാക്കണ്ടി എന്നീ പ്രദേശങ്ങൾക്ക് ഏതാണ്ട് മധ്യത്തിലായി ശ്രീമതി പി.പൈതൽടീച്ചർ ഒരു ഗേൾസ് സ്കൂൾ സ്ഥാപിച്ചു.അതേ വർഷം തന്നെ അതേ സ്ഥലത്ത് സ്കൂൾ തുടർന്നുകൊണ്ടുപോകുവാൻ പറ്റാത്ത സാഹചര്യം വന്നപ്പോൾ ഇന്ന് സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പൊതുസ്കൂൾ ആരംഭിച്ചു. തുടങ്ങുമ്പോൾ തന്നെ 1 മുതൽ 5 വരെ ക്ലാസ്സുകളിലേക്കായി 62 കുട്ടികൾ പ്രവേശനം നേടിയിരുന്നു എന്നത് ഈ പ്രദേശത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസപരവും സാംസ്കാരികപരവുമായ മുന്നേറ്റത്തെയാണ് എടുത്തുകാണിക്കുന്നത്. മുസ്ലിം സമുദായത്തിൽപെട്ട ആൺകുട്ടികളും പെൺകുട്ടികളും അന്ന് പ്രവേശനം നേടിയിരുന്നു എന്നത് ഏറെ ശ്രദ്ധേയമാണ്.

വിദ്യാഭ്യാസപരമായി ഏറെ മുൻപന്തിയിലായിരുന്ന ഈ നാട്ടുകാരുടെഅകമഴിഞ്ഞപ്രോത്സാഹനവും,സഹായസഹകരണങ്ങ-ളും നിർലോഭമായി ലഭിച്ചതിൻറെ ഫലമായി ഈ നാടിൻറെ കലാകായിക സാംസ് കാരിക കേന്ദ്രമായി ഈ സ്കൂളിനെ മുൻ നിരയിൽ നിന്ന് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.ഇവിടുത്തെ അധ്യാപകർ തന്നെ അഭിനയിച്ചു പഠിപ്പിക്കുന്ന കലാപരിപാടികൾ (നാടകം,കഥാപ്രസംഗം)ഈനാട്ടുകാർക്ക്എന്നും സ്മരിക്കത്തക്കതാണ്. .

സബ്ജില്ലാ-മത്സരങ്ങളിലും,ജില്ലാത മത്സരങ്ങളിലും കലാകായിക പ്രവൃത്തി പരിചയ ശാസ്ത്ര പ്രദർശനങ്ങളിലും ക്വിസ് മത്സരത്തിലും നമ്മുടെ കുട്ടികൾ എന്നും ഉന്നത നിലവാരത്തിൽ തന്നെ ആണ് .പഠന പഠ്യേതര വിഷയത്തിലും എന്നും മികച്ച നിലവാരം പുലർത്തിയിരുന്നു. സ്കൗട്ട് ഗൈഡ് കബ് ബുൾബുൾ എന്നിവയുടെ പ്രവർത്തനങ്ങൾ വർഷങ്ങളായി നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.ഓരോ വർഷവും കുട്ടികൾ വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ സ്കൂളിന്റെ ഭൗതിക പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിന് മാനേജ്മെൻറ് ചെയ്യുന്ന ബിൽഡിംഗ് നിർമ്മാണ പ്രവർത്തനങ്ങൾ അഭിനന്ദാർഹമാണ്. സ്ഥാപക മാനേജർ ആയ ശ്രീമതി പി പൈതൽ ടീച്ചർ 105 വയസ്സിൽ 2006 ൽ നമ്മെ വിട്ടു പിരിഞ്ഞു. ഇപ്പോൾ ഈ വിദ്യാലയത്തിൻെറ മാനേജർ പി രമബായ് യും ഹെഡ് ടീച്ചർ ശ്രീ പി വി സജിനയും 32 സഹ അധ്യാപകരും വിദ്യാർത്ഥി രക്ഷാകർത്തൃ സമിതിയും ഒരുമിച്ച് നേതൃത്വം നൽകികൊണ്ട് ഈ വിദ്യാലയത്തെ മികവിന്റെ പാതയിലേക്ക് നയിക്കുന്നു.

# ഭൗതികം

ഭൗതിക സാഹചര്യം മെച്ചപ്പെട്ട നിലയിൽ ഉള്ള ഒരു സ്കൂളാണിത്. 3 ബ്ലോക്കുകളിലായി 3 നില കെട്ടിടവും 2 ഓപ്പൺ ഹാളും 29 ക്ലാസ്സ് മുറികളും ഉണ്ട്. 1 മുതൽ 7 വരെ 26 ക്ലാസ്സുകളും ഹെഡ്മാസ്ററർ റൂം സ്റ്റാഫ് റൂം കമ്പ്യൂട്ടർ റൂം ലൈബ്രറി,ലാബ് എന്നിവയും പ്രവർത്തിക്കുന്നു. സ്കൂളിന്റെ കീഴിൽ 2 LKG ക്ലാസ്സും 2 UKG ക്ലാസ്സും ആയ അടക്കം 5 സ്റ്റാഫും പ്രവർത്തിക്കുന്നുണ്ട്. ഉച്ചഭക്ഷണത്തിന് ആവശ്യമായ മികവാർന്ന പാചകപ്പുരയും 2 പാചകക്കാരിയും വർക്ക് ചെയ്യുന്നു. പാചകത്തിന് ആവശ്യമായ ഗ്യാസ് അടുപ്പും ഉണ്ട്. സിമെന്റ് പാസ്റ്റർ ചെയ്ത ബിൽഡിങ്ങും നിലവുമാണ് നിലവിൽ ഉള്ളത്.എല്ലാ റൂമുകളിലും വൈദ്യുതി ഉണ്ട്.
എൽ പി കുട്ടികൾക്ക് കളിക്കാൻ പാർക്ക് സൗകര്യം ഏർപ്പെടുത്തി.
ചെറിയതോതിലുള്ള ജൈവവൈവിധ്യ ഉദ്യാനം ഒരുക്കിയിട്ടുണ്ട്.

# പരിമിതികൾ

1. മുഴുവൻ ക്ലാസ്സ് റൂമുകളിലും നിലം ടൈൽ പാകണം

2.സ്മാർട്ട് ക്ലാസ് റൂം ഏർപ്പെടുത്തണം

3.ലൈബ്രറി,വായന റൂം ഏർപ്പെടുത്തണം

4.സയൻസ്,കണക്ക്,സാമൂഹ്യം തുടങ്ങിയവയ്ക്ക് വെവ്വേറെ ലാബ് റൂം സൗകര്യം വേണം

5.ഒന്നിച്ച് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള ഭക്ഷണപ്പുര വേണം

6.സ്കൂളിന്റെ ഭദ്രതയ്ക്ക് ചുറ്റുമതിലും ഗേറ്റും വേണം

7. വലിയ പ്ലേ ഗ്രൗണ്ട് ആവശ്യമാണ്

8.മാലിന്യ പ്ലാൻറ് സ്ഥാപിക്കണം

9. ക്ലാസ് റൂമുകളിൽ കുട്ടികൾ നിർമ്മിച്ച പഠനോപകാരങ്ങൾ സൂക്ഷിക്കാൻ ആവശ്യമായ ഷെൽഫ് ഒരുക്കേണ്ടതുണ്ട്

# സാമൂഹ്യ പങ്കാളിത്തം

രക്ഷിതാക്കളും പൂർവ്വ വിദ്യാർഥികളും നാട്ടുകാരും മെച്ചപ്പെട്ട സഹകരണമാണ് നൽകി വരുന്നത്.കുട്ടികളുടെ രക്ഷിതാക്കൾ എന്ന നിലയിൽ കുട്ടികളുടെ പഠനനിലവാരവുമായി ബന്ധപ്പെട്ട ചർച്ചയിലും മറ്റു മീറ്റിംഗുകളിലും പങ്കെടുക്കാത്ത രക്ഷിതാക്കൾ 20% ത്തോളം പേർ ഇപ്പോഴും ഉണ്ടെന്നു പറയാതിരിക്കാൻവയ്യ.എന്നാൽവാർഷികാഘോഷംമറ്റുപരിപാടിക-ൾ എന്നിവയിൽ എല്ലാവരുടെയും മികച്ച പങ്കാളിത്തം ഉണ്ട്.

# മാനേജ്മെൻറ്

വിദ്യാഭ്യാസത്തിൽ കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ട് കൊണ്ട് മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഉണ്ടാക്കുന്നതിനുവേണ്ടി മാനേജ്മെൻറ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.കുട്ടികളുടെയും അധ്യാപകരുടെയും പഠനസംബന്ധമായ പ്രവർത്തനങ്ങൾക്ക് എന്താണ് ആവശ്യം എന്ന് മനസ്സിലാക്കി അതുപൂർത്തീകരിക്കാൻ ശ്രമിക്കുന്ന നല്ലൊരു മാനേജ്മെൻറ് ആണ് സ്കൂളിനുള്ളത്.ഇനിയും കുറേകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.അത് പൂർണമായും മാനേജ്മെൻറ് പരിഹരിച്ചു തരുമെന്നു വിശ്വസിക്കുന്നു.

# സ്കൂളിൻറെ മികവ്

സബ്ജില്ലാതലത്തിലുംജില്ലാതലത്തിലും,കലോത്സവ,ഗണിതശാസ്ത്ര,ശാസ്ത്ര,സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയമേളകളിലും,വിദ്യാരംഗ കലാ സാഹിത്യ വേദികളിലും പങ്കെടുക്കേണ്ട മുഴുവൻ ഇനങ്ങളിലും പങ്കെടുക്കുകയും നല്ല രീതിയിലുള്ള പ്രകടനം കാഴ്ച്ച വെക്കുകയും ധാരാളം സമ്മാനങ്ങൾ നേടാറും ഉണ്ട്.

LSS,USS ,സംസ്കൃതം സ്കോളർഷിപ്പുകളിൽ എല്ലാ വർഷവും മികച്ചപ്രകടനം കാഴ്ച്ച വെക്കാറുണ്ട്.

ഭാരത് സ്കൗട്ട് ഗൈഡ് കബ് ബുൾബുൾ യൂണിറ്റുകൾ നല്ല നിലയിൽ പ്രവർത്തിക്കുകയും രാഷ്ട്രപതി അവാർഡുകൾ വരെ നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ നേടുകയുണ്ടായി.വിവിധ വിഷയങ്ങളിൽ വിവിധ സംഘടനകൾ നടത്തുന്ന ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുകയും മികച്ച വിജയം കൈവരിക്കുകയും ചെയ്യാറുണ്ട്.

# പി ടി എ .മദർ പി ടി എ

പി ടി എയുടെയും .മദർ പി ടി എ യുടെയും ശക്തമായ സഹകരണവും ഇടപെടലുമാണ് ഭൗതിക സാഹചര്യം ഇത്രയേറെ മെച്ചപ്പെടാനിടയാക്കിയത്.മാനേജരുടെയും പി ടി എ യുടെയും യോജിച്ചുള്ള പ്രവർത്തനം സ്കൂളിൻറെ പുരോഗതിക്ക് ഏറെ സഹായകരമായിട്ടുണ്ട്.സ്കൂളിൻറെ ദൈനംദിനമല്ലാത്ത മറ്റൊരു പരിപാടി സ്കൂളിൽ നടക്കുമ്പോൾ പി ടി എയുടെയും ,.മദർ പി ടി എ യുടെയും അകമഴിഞ്ഞ സഹകരണം സ്കൂളിനു ലഭിക്കുന്നുണ്ട്. നിലവിൽ പി ടി എ പ്രസിഡന്റ് ആയി ചെക്കിക്കുളം ഷാജിയും മദർ പി ടി എ പ്രസിഡന്റ് ആയി എം ദീപയും പ്രവർത്തിച്ചു വരുന്നു.

# ലക്ഷ്യ പ്രസ്താവന

1.മുഴുവൻ കുട്ടികൾക്കും ഓരോ ക്ലാസ്സിലും ലഭിക്കേണ്ട ശേഷികൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തുക

2.എഴുത്തും വായനയും നിഷ്പ്രയാസം ചെയ്യുന്നതിനുള്ള കഴിവ് ഉണ്ടാക്കുക

3.ഏത് പ്രശ്നവും നേരിടാനുള്ള കഴിവ് ഉണ്ടാക്കുക

4.വ്യക്തിത്വ വികസനം ഉണ്ടാക്കുക

5.അച്ചടക്കമുള്ള ഒരു സമൂഹം വാർത്തെടുക്കുക

6.കായിക പരിശീലനം നൽകി ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കുക

7.കലാപരമായ കഴിവുകൾ വികസിപ്പിക്കുക

8.മയക്കുമരുന്ന്, ലഹരി വിരുദ്ധ ബോധവത്കരണം വളർത്തിയെടുക്കുക

# 2025-26 TEACHERS

| NO | NAME | DESIGNATION |
|---|---|---|
| 1 | SAJINA P V | HM |
| 2 | LISHI P | UPSA |
| 3 | REENA POOVADAN | UPSA |
| 4 | BINDU K K | UPSA |
| 5 | SAJINA KOTTUNGAL | UPSA |
| 6 | VEENA RAVEENDRAN | UPSA |
| 7 | LEKHA PATTARETH | UPSA |
| 8 | SARIGA P V | UPSA |
| 9 | NIDHINA M K | UPSA |
| 10 | SOORYA P V | UPSA |
| 11 | SUVISHNA K | UPSA |
| 12 | RADESH P V | UPSA(HTV) |
| 13 | ANUSHA N | UPSA |
| 14 | LATHA P | LPSA |
| 15 | SUBASH K | LPSA |
| 16 | SURYA SREEDHARAN | LPSA |
| 17 | RESHMA P P | LPSA |
| 18 | DALIYA N | LPSA |
| 19 | REJULA P K | LPSA |
| 20 | NIMISHA C | LPSA |
| 21 | SOUMYA P C | LPSA |
| 22 | SIMMI A | LPSA |
| 23 | ANUSREE K K | LPSA |
| 24 | AKSHAY P | LPSA |
| 25 | SEENA V | LPSA (DW) |
| 26 | PRINSHA P P | LPSA (DW) |
| 27 | NISHA MANNAMBETH | HINDI |
| 28 | SHABNA P | HINDI (ADDL) |
| 29 | SHAMNA C | SANS |
| 30 | RUCKSANA C | URDU |
| 31 | SAHAD V V | ARABIC |
| 32 | MUHAMMED RIYAS SALAM V P | ARABIC |
| 33 | IRFANA S K | ARABIC(LP ARBIC) |
| 34 | SUNITHA K | BRC(IEDC Resource Teacher) |

# അക്കാദമിക് മാസ്റ്റർ പ്ലാൻ LP മലയാളം 2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ക്ലാസ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വിക സനം | ഭാഷ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങ ൾ സംഘടിപ്പി ക്കൽ.<br><br>അമ്മമാർ കുട്ടി ക്കഥകൾ അവ തരിപ്പിക്കുന്നു. | സെപ്തംബ ർ – ഒക്ടോബർ<br><br>ജൂലൈ ഡിസംബർ ജനുവരി മാസത്തിൽ ഒരിക്ക ൽ | ക്ലാസ് ടീച്ചർ SRG, SMC സ്കൂൾ വികസന സമിതി<br><br>ക്ലാസ് ടീച്ചർ<br><br>SRG<br><br>MPTA | I | SMC<br><br>MPTA |
| കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക | താളാത്മകമാ യി ചെറുകവി തകൾ ചൊല്ല ൽ.<br><br>പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടു ത്തുനോക്കാ നും അവസരം ഒരുക്കുന്നു.<br><br>ചിത്ര വായന. | ജൂൺ<br><br>ജൂലൈ<br><br>നവംബർ | ക്ലാസ് ടീച്ചർ<br><br>SRG | I | |

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ LP മലയാളം 2025-2026</u>

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ക്ലാസ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലു ള്ള ലേ ഖന മികവ് | എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുക ൾ.<br><br>ലഘു പതിപ്പുക ൾ തയ്യാറാക്കൽ | ഒക്ടോബർന വംബർ<br><br>ഡിസംബർ | SRG<br><br>SMC<br><br>ക്ലബ്ബുക ൾ<br><br>MPTA | II | MPTA |
| കുട്ടികൾ ക്കു സർ ഗ്ഗാത്മക രചന കൾ ക്കുള്ള അവ സര മൊരു ക്കൽ | രചനാ ശില്പ ശാലകഥ, കവിത രചനകൾക്കുള്ള വേദിയൊരുക്ക ൽ | ഡിസംബർ ജനുവരി | SMC<br><br>അദ്ധ്യാപ കർ<br><br>ക്ലബ്ബുക ൾ | II | SRG<br><br>SMC |
| മികച്ച വായ നാ ശീലം വളർ ത്തുക | എല്ലാ ക്ലാസ്സിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു പിറന്നാൾ പുസ്ത കം പരിപാടിയി ലൂടെ പുസ്തക ങ്ങൾ ശേഖരിക്കു ന്നു | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | II | SRG |

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ LP മലയാളം 2025-2026</u>

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ക്ലാസ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | കവിതകളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം.<br>പുസ്തക ശേഖരണവും പ്രദർശനവും.<br>ചിത്ര ഗ്യാലറി | ജൂൺ<br>ജൂൺ<br>ഡിസംബർ<br>ജനുവരി | അദ്ധ്യാപകർ<br>SMC<br>MPTA<br>ക്ലബ്ബുകൾ | III | SMC |
| വായനാ പരിപോക്ഷണം | പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം.<br><u>വായനാക്കളരി</u><br>നാട്ടുവായന പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം. | നവംബർ<br>ആഴ്ചയിൽ<br>ആഗസ്ത് | വായനശാല<br>SMC<br>SRG<br>ക്ലബ്ബുകൾ | III | ക്ലബ്<br>SMC<br>SRG<br>വായനശാല |
| ആശയങ്ങൾ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ്നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ് തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ. | എല്ലാമാസവും | ക്ലാസ്സ് ടീച്ചർ | III | SRG |
| മികച്ച വായനാശീലം വളർത്തു ക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേക വായന കോർണർ ഒരുക്കൽ | ജൂൺ – മാർച്ച് | ക്ലാസ്സ് ടീച്ചർ<br>സ്കൂൾ ലൈബ്രറി കമ്മിറ്റി | III | SRG |

| | | | | | |
|---|---|---|---|---|---|
| ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ | മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിഗ് പരിശീലിപ്പിക്കുക.<br><br>കുട്ടികൾക്ക് പാഠസംബന്ധമായ ശബ്ദ – ദൃശ്യ ങ്ങൾ കഥകൾ, നാടകങ്ങൾ തുടങ്ങിയവ കാണിച്ച് ഭാഷാവികസനം ഒരുക്കൽ. | ജൂൺ – മാർച്ച് | അദ്ധ്യാപകർ<br><br>SMC<br><br>SRG | III | SRG |

# **അക്കാദമിക് മാസ്റ്റർ പ്ലാൻ LP മലയാളം 2025-2026**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ക്ലാസ്സ് | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കാവസ്ഥാ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ജൂൺ - മാർച്ച് | അദ്ധ്യാപകൻ<br><br>SRG | IV | PTA ഫണ്ട് |
| മികച്ച വായനാശീലം വളർത്തുക | ക്ലാസ് ലൈബ്രറി ഒരുക്കൽ/ സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ<br><br>വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായന ക്കുറിപ്പ് തയ്യാറാക്കൽ<br><br>പുസ്തക സംവാദം<br><br>ആനുകാലിക വായന | ജൂൺ - മാർച്ച് | PTA<br><br>പ്രാദേശിക ക്ലബ്ബുകൾ<br><br>ക്ലാസ്സ് ടീച്ചർ | IV | PTA ക്ലബ്ബുകൾ<br><br>SRG |
| ലേഖന ശേ ഷി വർദ്ധിപ്പിക്കൽ സാഹിത്യകാരൻമാരെ അടുത്തറിയൽ | പാഠഭാഗങ്ങളിൽനിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ<br><br>സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | എല്ലാ മാസവും<br><br>ആവശ്യത്തിനനുസരണം | ക്ലാസ്സ് ടീച്ചർ<br><br>SRG<br><br>ക്ലാസ്സ് ടീച്ചർ | IV | PTA |
| അറിവ് ഡോക്യൂമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ | ആവശ്യത്തിനനുസരണം | അദ്ധ്യാപകൻ | IV | SRG |

| | | | | | |
|---|---|---|---|---|---|
| | പ്രദർശിപ്പിക്കൽ<br><br>മലയാളം കമ്പ്യൂട്ടിങ് പരിശീലിപ്പിക്കൽ | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലക ൾ നേരിട്ടറി യൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്സ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം | വർഷത്തി ലൊരി ക്കൽ | HM<br>SRG<br>CPTA<br><br>ക്ലാസ്സ് ടീച്ചർ | IV | PTA |
| അർത്ഥപൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ – മാർച്ച് | ക്ലാസ്സ് ടീച്ചർ | IV | |
| ഭാഷ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br><br>ക്ലാസ്സ് ടീച്ചർ | IV | PTA |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റി എഴുതൽ | ജൂൺ – മാർച്ച് | ഭാഷ ക്ലബ് അദ്ധ്യാപകൻ | IV | SRG |

# അക്കാദമിക് മാസ്റ്റർ പ്ലാൻ UP മലയാളം 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശക ലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസ നം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധി ക്കാലം<br><br>പഠിതാക്കൾ അവരു ടെ അവധിക്കാലം ചിലവഴിച്ചതും അനു ഭവങ്ങളും വിവിധ വ്യവഹാര ങ്ങളിലൂടെ കഥ, കവിത യാത്രാനു ഭവങ്ങൾ, വായന ക്കുറിപ്പ് അവത രിപ്പിക്കുന്നു<br><br>ഭാഷാകേളി<br><br>അക്ഷരങ്ങളും പദങ്ങളും ആവർ ത്തി ച്ച് വരുന്ന വരി കൾ ഉച്ചരിച്ച് അക്ഷര ശുദ്ധി, ആസ്വാദനം എന്നിവ വളർത്തു ന്നു | ജൂൺ | മലയാളം അദ്ധ്യാപക ർ<br><br>മലയാളം അദ്ധ്യാപക ർ | |
| പഠിതാക്കളിൽ അർഥപൂർണമാ യ വായന ഉറപ്പുവരുത്തുക | വാർത്താലോകത്തേ ക്ക്<br><br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായി ക്കുകയും പ്രതിക രണശേഷി ഉണർ ത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുക യും ചെയ്യും,<br><br>വാർത്താവായന<br><br>ക്ലാസ്സ് തലത്തിൽ വായന നടത്തി | എല്ലാദി വസ വും | മലയാളം ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | മൈക്കിൽ കൂടി വായിക്കുന്നു | | | |
| സാഹിത്യകൃതികളോടും സാഹിത്യകരോടുമുള്ള അനുകൂലമനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുക | സംവാദം/ മുഖാമുഖം<br><br>എഴുത്തുകാർ, കലാകാരൻമാർ കർഷകർ എന്നിവരുമായുള്ള അഭിമുഖ സംഭാഷ ണവും മറ്റും സംഘടിപ്പിക്കുന്നു | | ഹെഡ് മിസ്ട്രസ്സ്<br><br>മലയാളം അദ്ധ്യാപകർ | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്ക്കാരം<br><br>പഠനവിഭവങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കൽ വിദ്യാരംഗം കലാസാ ഹിത്യ വേദി പ്രവർത്തനം<br><br>ദിനാചരണം<br><br>ഗ്രന്ഥശാലാ അംഗത്വം | 6 മാസം<br><br>10 മാസം | മലയാളം അദ്ധ്യാപകർ | |
| കുട്ടികളെ നല്ല വായനക്കാരാക്കുക | <u>വായനക്കുറിപ്പ് തയ്യാറാക്കൽ</u><br><br>ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ വിതരണം ചെയ്യുകയും വായനക്കുറിപ്പ് എഴുതി പതിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. | | മലയാളം അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുക | <u>കഥാരചന</u><br><u>കവിതാരചന</u><br><br>വിഷയം കൊടുത്ത് കുട്ടികൾ രചനയിൽ ഏർപ്പെടുകയും അതിന്റെ പതിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു | ജൂൺ<br>-<br>ജനുവരി<br><br>മാസത്തിൽ | | |

# ACADEMIC MASTER PLAN LP ENGLISH 2025-2026

- Respond to simple introduction in the classroom
- Describe orally about the picture and objects
- Familiarise with simple words. Enjoy songs and sings them with rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

| Learning | Month |
|---|---|
| Introduce symbol words<br>Provides picture cards | June |
| Identify familiar words<br>Say familiar words<br>Read familiar words<br>Write familiar words | July |
| Enjoy songs and sings them with rhythm and action<br>Describe orally about picture and objects using adjectives | August |
| Read and write words and simple sentence<br>Provides picture cards reading cards | September |
| Introduce symbol picture descriptions<br>Make words chain sentence chain<br>Make riddles<br>Describing words rhyming words<br>Text book activities | October |
| Prepare reading cards<br>Provide more opportunities to read write and speak English<br>Write five English word clearly | November |
| Read and understand simple instructions in the classroom<br>Encourage digital reading | December |
| Enjoy songs and sings them with rhythm and action<br>Make picture album | January |
| Provide the opportunity to exposes myself in the classroom.<br>English assembly in a week | February |
| Read and write simple sentences<br>Picture reading and picture description | March |

# ACADEMIC MASTER PLAN – UP ENGLISH

| Learning Skills | Aims | Activities | Time |
|---|---|---|---|
| Listening | To listen effectively to narrate the stories audio send by the teachers. | Listening soundtrack of stories.<br><br>Listening audios send by teachers for generating ideas for sharing on specific topics. | June – February |
| Speaking | To communicate ideas efficiently on specific topics. | Speaks can specific ideas shared on the platform fly high, fly low.<br><br>Once a week celebrate a day as English day.<br><br>Conducting English Assembly.<br><br>Conducting spoken English class. | June – February |
| Reading | To enable children to read confidently in English. | English library books are distributed and let the students. Prepare reading reflection.<br><br>Daily news reading.<br><br>Provide reading cards in class room and allotted time to read. | |
| Writing Creatively | To publish magazines.<br><br><br><br><br>To release Magazines. | From a writers club prepare activities, poems, etc for Magazines.<br><br>Prepare a book for reading reflections.<br><br>Conduct a book releasing ceremony. | |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | ▪ PRE-TEST<br>▪ Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |



jibin750@gmail.com

# ACADEMIC MASTER PLAN ENGLISH UP 2025-2026

| AIM | ACTIVITIES | CLASS | DURATION |
|---|---|---|---|
| Cerate opportunity for English reading, speaking and writing in the classroom | Preparing opportunity to speak in English.<br><br>Create opportunities to use English while interacting in the class room. | IV | Academic year |
| Creative empowerment | Present lessons in the form of some discourses (Skit, Drama, Conversation, and Storytelling). | IV | Academic year |
| Enhance reading skill | Arrange books according to the children’s status and empower reading. | IV | Once in a week |
| Enhance writing skills | Write letter to friends, including on special days at school. | IV | Once in a month |

# ഉർദു അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

| **പ്രവർത്തനം** | **പ്രവർത്തന ഘട്ടം** | **കാലയളവ്** | **ചുമതല** | **ഫണ്ട്** | **വിലയിരുത്തൽ** |
|---|---|---|---|---|---|
| പഠം ആഗേബ ഢേം ഉറുദു വായന | വായന മത്സരം, ക്വിസ് മത്സരം, വായന കാർഡ് എന്നിവ ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | ഉറുദു സബ്ജക്റ്റ് കൗൺസിൽ | | H M സബ്ജക്റ്റ് കൗൺസിൽ |
| മേരേ അൽഫാസ് ഉറുദു കയ്യെഴുത്തു മാഗ സിൻ | രചനാശേഷി വളത്തൽ കുട്ടികളിലെ സർഗാത്മകത | ടേം ൽ 1 വീതം | ഉറുദു സബ്ജക്റ്റ് കൗൺസിൽ | | H M സബ്ജക്റ്റ് കൗൺസിൽ |
| ഖസാന -ഇ - ഇൽമ് പൊതു വിജ്ഞ്യാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാന ക്വിസ് മത്സരങ്ങൾ നടത്തുക | ടേം ൽ 1 വീതം | ഉറുദു ക്ലബ് | | H M സബ്ജക്റ്റ് കൗൺസിൽ |
| ഹം മിലേം ഉറുദുക്യാമ്പ് | രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കാനായി രചന മത്സരങ്ങൾ നടത്തുക | വർഷത്തിൽ ഒന്ന് | ഉറുദു ക്ലബ് | | H M സബ്ജക്റ്റ് കൗൺസിൽ |
| ഉറുദു ദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാസെമിനാർ എന്റെ പതിപ്പ് | അതാത് ദിനങ്ങളിൽ | ഉറുദു ക്ലബ് | | H M സബ്ജക്റ്റ് കൗൺസിൽ |
| തലാഷ് | പ്രാദേശിക പഠനയാത്ര | വർഷത്തിൽ ഒന്ന് | ഉറുദു ക്ലബ് | | H M സബ്ജക്റ്റ് കൗൺസിൽ |
| ദിനാചരണങ്ങൾ | ഭാഷാശേഷി വളർത്തുന്ന വിവിധ ദിനാചരണ പരിപാടി സംഘടിപ്പിക്കുക | അതാത് ദിനങ്ങളിൽ | ഉറുദു ക്ലബ് | | H M സബ്ജക്റ്റ് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ഉറുദു കെ മോത്തിയാം | ഉറുദു സാഹിത്യകാരന്മാരെയും കൃതികളെയും പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉറുദു ക്ലബ് | | H M സബ്ജക്റ്റ് കൗൺസിൽ |

# രാധാകൃഷ്ണ എ യു പി സ്കൂൾ

## അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രുവരി<br>നവംബർ-ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | -ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രാമാറ്റൈസേഷൻ | ജൂലൈ -മാർച്ച്<br>ജൂലൈ -മാർച്ച്<br>ആഗസ്റ്റ്-ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കൂട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയ്യെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സപ്തംബർ - മാർച്ച്<br>ഒക്ടോബർ<br>ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| | Translation.<br>-Malayalam to Arabic<br>-Arabic to Malayalam<br>Arabic to English<br>-English to Arabic | ജൂൺ - മാർച്ച് | | |

**സംസ്കൃതം**

**അക്കാദമിക്ക് മാസ്റ്റർപ്ലാൻ**

**ക്ലാസ് - 5, 6, 7**

| **ലക്ഷ്യം** | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം**<br><br>**UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ .** | **1.ഭാഷ ജ്ഞാനം**<br><br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം.**<br><br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. **<u>വീട് ഒരു പരീക്ഷണശാല.</u>**<br>**[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ]** | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. **<u>വായനാലോകം .</u>**<br>**[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ]** | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| **4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ .** | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| **5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.** | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അദ്ധ്യാപിക. |
| **6. <u>ആസ്വാദന ലോകം .</u>**<br>**ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി .** | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അദ്ധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| **7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ .** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| **8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് .** | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- ഹിന്ദി

| പഠനപ്രശ്നങ്ങൾ | ലക്ഷ്യം | ക്ലാസ്സ് | പ്രവർത്തനങ്ങൾ | സമയം |
|---|---|---|---|---|
| ഹിന്ദി വായന | *ഹിന്ദിലൈബ്രറി ഒരുക്കൽ | 5 | *അക്ഷരങ്ങൾ ചിഹ്നങ്ങൾ ഇവപഠിക്കുന്നതിനായി വർണ്ണമാല കാർഡ് | ജൂൺ<br>ജൂലൈ |
| | | 6 | *പദങ്ങൾ എഴുതിയ കാർഡ് | |
| | *വായനക്കാർഡുകൾ തയ്യാറാക്കൽ | | *പദസൂര്യൻഉണ്ടാക്കി അതിൽനിന്ന് വാക്യങ്ങൾ ഉണ്ടാക്കൽ. | സെപ്റ്റംബർ - ഒക്ടോബർ |
| | *ചുമർപത്രിക തയ്യാറാക്കൽ | | *ചിത്രവചൻ<br>*വലിയഅക്ഷരങ്ങളോടുകൂടിയതും,വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ | |
| ഹിന്ദി എഴുത്ത് | *ഹിന്ദിഅസംബ്ലി | 7 | ഹിന്ദികഥാബുക്കുകൾ ചിത്രകഥകൾ,ബലമാസികകൾഎന്നിവയും | |
| | *ഹിന്ദിമത്സരങ്ങൾ ദിനാചരണങ്ങൾ നടത്തും | | സാഹിത്യങ്ങൾ പരിചയപ്പെടാനുള്ള പുസ്തകങ്ങളും ലഭ്യമാക്കൽ<br>*ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും | ജനുവരി - ഫെബ്രുവരി |
| | *ഹിന്ദിക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കും | | *ഹിന്ദിടൈപ്പിംഗിന്റെ പ്രാഥമികപാഠങ്ങൾ പഠിപ്പിക്കും<br>*കഥാപൂരണം കവിതപൂരണം ചുമർപത്രിക നിർമ്മിക്കും | |
| വിവരസാങ്കേ-തികവിദ്യ | *ദൃശ്യശ്രാവ്യസാമഗ്രികൾകുട്ടികളിലെത്തിക്കുന്നതിന് ഉപയോഗിക്കും | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ യു പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹച ര്യ ങ്ങളിൽനി ന്നും ചുറ്റുപാടു കളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക്<br><br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം എന്നിവ ഉൾക്കൊ ള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യപർ ക്ക് .<br><br>ഫീൽഡ് ട്രിപ്പ്<br><br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങ ളെ കണ്ടെത്തൽ, കാവുകളുടെ സന്ദർ ശനം, കണ്ടൽ കാടു കൾ നിരീക്ഷണം, കാർഷിക നേഴ്സറി സന്ദർശനം | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്ര ധ്യാപകർ<br><br>സയൻസ് ക്ലബ്<br><br>ശാസ്ത്ര ധ്യാപകർ<br><br>സയൻസ് ക്ലബ് | പി ടി എ<br><br>രക്ഷിതാക്ക ൾ |
| ശാസ്ത്രത്തോടു ള്ള താൽപ്പ ര്യം വർദ്ധിപ്പി ക്കുന്നതിന് | പരീക്ഷണക്കളരി<br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപ യോഗപ്പെടുത്തി ലഘുപരീക്ഷണങ്ങളി ലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭി ക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മി ക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെ ടുത്തി ശാസ്ത്ര പരീ ക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കു ന്നു. | അക്കാദമിക വർഷം | ശാസ്ത്ര ധ്യാപകർ<br><br>സയൻസ് ക്ലബ് | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷി വർദ്ധിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | പ്രോജക്ട്<br><br>ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രാശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര ധ്യാപകർ<br><br>സയൻസ് ക്ലബ് | |
| | ശാസ്ത്ര വിസ്മയ ചുവർ<br><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുവർ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര ധ്യാപകർ | PTA<br><br>സയൻസ് ക്ലബ് |
| | മുഖാമുഖം<br><br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര ധ്യാപകർ | PTA<br><br>സയൻസ് ക്ലബ് |
| | ശാസ്ത്ര ലൈബ്രറി<br><br>കുട്ടികളിൽ ശാസ്ത്രവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്ര ലൈബ്രറി തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര ധ്യാപകർ | PTA<br><br>സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | എക്സ്പോ<br><br>ആധുനിക ലോക ത്തെ വിവിധ കണ്ടെ ത്തലുകൾ ഉൾപ്പെ ടുത്തിയ പരീക്ഷണ ങ്ങൾ സ്കൂൾതല ശാസ്ത്രോത്സവത്തി ൽ അവതരിപ്പിക്കു ന്നു. | അക്കാദമിക വർഷം | ശാസ്ത്ര ധ്യാപകർ | സയൻസ് ക്ലബ് |
| ലഹരി ഉപയോ ഗത്തിന്റെ ദൂഷ്യവശങ്ങൾ വ്യക്തിയിലും സമൂഹത്തിലും സൃഷ്ടി ക്കുന്ന ആരോ ഗ്യ പ്രശ്നങ്ങൾ തിരിച്ചറിയുന്ന തിനും ഉപയോ ഗം തുടച്ച് നീ ക്കുന്നതിനും. | സ്കിറ്റ് അവതരണം, സുംബ, ഡാൻസ്, ബോധവൽക്കരണ ക്ലാസ് | അക്കാദമിക വർഷം | ശാസ്ത്ര ധ്യാപകർ | സയൻസ് ക്ലബ് |
| ശാസ്ത്ര രംഗ ത്തെ നൂതന ആശയങ്ങൾ സാങ്കേതിക വിദ്യയുടെ സാ ധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടു ത്തുക. | വിസ്മയ യാത്ര<br><br>I C T യുടെ സഹായ ത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടി കളിലേക്ക് എത്തി ക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരു ടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുത ൽ അറിവുകൾ എ ന്നിവയുടെ വീഡി യോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര ധ്യാപകർ | സയൻസ് ക്ലബ് |
| പ്രതിഭാശാലിക ളായ വിദ്യാർ ത്ഥികളിൽ ഗ വേഷണ താ ല്പര്യം വർധി പ്പിക്കുക. | ഇലക്ട്രോണിക്, റോബോട്ടിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര ധ്യാപകർ | സയൻസ് ക്ലബ് |

# പരിസരപഠനം മാസ്റ്റർ പ്ലാൻ LP 2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷ്യവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ, ജൂലൈ, ആഗസ്ത് | I | ക്ലാസ്സ് ടീച്ചർ SRG |
| വ്യക്തി ശുചിത്വം പരിസര ശുചിത്വം പാലിക്കുന്നതിന്റെ ഗുണങ്ങൾ മനസ്സിലാക്കൽ | വൃത്തിയില്ലാത്തതിന്റെ ദൂഷ്യഫലങ്ങൾ മനസ്സിലാവുന്നതരത്തിലുള്ള കഥകൾ, ഷോർട്ട് ഫിലിം പ്രദർശനം<br><br>രോഗങ്ങൾ പടർന്നു പിടിക്കുന്ന റോൾ പ്ലേ അവതരണം | ജൂൺ - മാർച്ച് | I | ക്ലാസ്സ് ടീച്ചർ |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം ഔഷധത്തോട്ടം ചുറ്റുവട്ടത്താകെ | ഡിസംബർ - ജനുവരി | I | SRG |

# പരിസരപഠനം മാസ്റ്റർ പ്ലാൻ LP 2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | പോസ്റ്റർ രചന മത്സരം<br><br>ശുചിത്വ ക്ലാസുകൾ<br><br>ശുചിത്വ സർവ്വേ<br><br>റോൾ പ്ലേ അവതരണം | ജൂൺ, ജൂലൈ,<br><br>ആഗസ്ത് | II | ക്ലാസ്സ് ടീച്ചർ<br><br>SRG |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം | സെപ്തംബർ ഡിസംബർ | II | ക്ലാസ്സ് ടീച്ചർ<br><br>SRG |
| നാടറിയാൻ നാട്ടറിവുകൾ | കൃഷിയിടത്തിലേക്ക് സന്ദർശനം<br><br>കുട്ടിക്കർഷകരാവാം | ജനുവരി | II | SRG, HM നാട്ടുകാർ |

# പരിസരപഠനം മാസ്റ്റർ പ്ലാൻ LP 2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു<br><br>കുറിപ്പുകൾ തയ്യാറാക്കുന്നു<br><br>ശാസ്ത്രജ്ഞൻമാരുമായുള്ള അഭിമുഖം ഒരുക്കുന്നു | ജൂലൈ<br><br>ആഗസ്ത്<br><br>സെപ്തംബർ | III | ക്ലാസ്സ് ടീച്ചർ<br><br>SRG<br>HM |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ വൈവിധ്യപാർക്ക്, ഒഷധത്തോട്ടം നിർമ്മാണം, അവയുടെ സംരക്ഷണം<br><br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം | ജൂലൈ - മാർച്ച് | III | ക്ലാസ്സ് ടീച്ചർ<br><br>HM<br><br>SRG<br><br>PTA |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br><br>ശാസ്ത്ര പ്രതിഭകളുമായുള്ള അഭിമുഖം<br><br>വീടിനകത്തൊരു ശാസ്ത്ര ലാബ്<br><br>വിജയിച്ച ലഘു പരീക്ഷണങ്ങളുടെ അവതരണം | ജൂലൈ – ഫെബ്രുവരി | III | PTA<br><br>SRG<br><br>ക്ലാസ്സ് ടീച്ചർ<br><br>രക്ഷിതാക്കൾ |

# പരിസരപഠനം മാസ്റ്റർ പ്ലാൻ LP 2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|
| നിരീക്ഷണം, അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ<br>പ്രകൃതി നടത്തം | ആവശ്യാനുസരണം | IV | CPTA |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര മൂല നിർമ്മാണം<br>ശാസ്ത്ര പഠനത്തിനായി സാമഗ്രികൾ ഒരിക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം<br>മുഴുവൻ | IV | PTA<br>SRG<br>HM |
| ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തൽ അന്വേഷിച്ച് കണ്ടെത്തി അറിവുകൾ നേടൽ | വായന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനം<br>ഫോക് ലോർ അക്കാദമി സന്ദർശനം | ആവശ്യാനുസരണം | IV | PTA<br>SRG |
| കേരളം- ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം | വർഷത്തിൽ ഒരിക്കൽ | IV | ക്ലാസ്സ് ടീച്ചർ<br>SRG |

| | | | | |
|---|---|---|---|---|
| ശാസ്ത്ര അറിവുകൾ കണ്ടെത്തൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ ശേഖരിച്ച് പതിപ്പ്, ആൽബം എന്നിവ നിർമ്മിച്ച് പ്രദർശനം<br><br>പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം ശാസ്ത്ര മേളയിലോ പഠനോത്സവത്തിലോ നടത്താം | വർഷത്തിൽ ഒരിക്കൽ | IV | PTA<br><br>SRG<br><br>HM<br><br>ക്ലാസ്സ് ടീച്ചർ |

# സാമൂഹ്യശാസ്ത്രം അക്കാദമിക് മാസ്റ്റർ പ്ലാൻ UP 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റി എടുക്കുക | വെർച്വൽ ഫീൽഡ് ട്രിപ്പ് ICT സാധ്യത ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദര്ശനം | ജൂൺ – മാർച്ച് | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| സമൂഹത്തിൽ നിന്നും ലഹരി തുടച്ചുനീക്കുക | സ്കിറ്റ് അവതരണം, സൂംബാ ഡാൻസ്, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ്സ് | ജൂൺ – മാർച്ച് | അദ്ധ്യാപകർ PTA | |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദോഷങ്ങൾ ക്രിമിനൽ പ്രവർത്തനങ്ങൾ റോഡ് സുരക്ഷാ എന്നിവയെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക | സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | ജൂലൈ | | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ഭൂകമ്പം, സുനാമി തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും ഡെമോൺസ്ട്രേഷൻ ക്ലാസ്സും സംഘടിപ്പിക്കുന്നു. രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നു | ജൂൺ – സെപ്തംബർ | | |

| | | | | |
|---|---|---|---|---|
| കുട്ടികൾക്കെതിരെയുള്ള അതിക്രമം ലൈംഗീക പീഡനം തുടങ്ങിയവയിൽ നിന്നും കുട്ടികളെ സംരക്ഷിക്കുക | പോക്സോ ബോധവൽക്കരണ ക്ലാസ്സ്, നിയമവിദഗ്ദരുടെ സഹായത്തോടുള്ള ബോധവൽക്കരണ പരിപാടി | ആഗസ്ത് | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം | സ്പെഷ്യൽ സ്കൂൾ സന്ദർശനം ഭിന്നശേഷിക്കാർ നേരിടുന്ന പ്രതിസന്ധികൾ പരിഹാരങ്ങൾ എന്നിവ തിരിച്ചറിയുന്നു | സെപ്തംബർ | | |
| നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ദാരിദ്ര നിർമാർജന പ്രവർത്തനങ്ങൾ, പദ്ധതികൾ തിരിച്ചറിയുക | സർവ്വേ നടത്താം കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾ നടപ്പിലാക്കി വരുന്ന ദാരിദ്ര്യ നിർമാർജന പദ്ധതികളിൽ ഉൾപ്പെട്ടവരുടെ സർവ്വേ നടത്തുന്നു | നവംബർ | | |
| ഭൂമിയുടെ ഉള്ളറകളിലെ സവിശേഷതകൾ മനസ്സിലാക്കുന്നതിന് | ശില്പശാല<br><br>ഭൂമിയുടെ ഘടന മാതൃക നിർമ്മിക്കൽ | ഒക്ടോബർ - നവംബർ | | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു | ഡിസംബർ | | |
| വസ്ത്ര നിർമ്മാണരീതി മനസിലാക്കുക | കൈത്തറി കേന്ദ്രം സന്ദർശിക്കൽ | സെപ്തംബർ | | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | ടഞഏ<br>ക്ലാസ് ടീച്ചർ<br>SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പ ശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | Sഞഏ ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

# യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

# യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |